LIBRARY ARCHIVES Kerala Legislative Assembly

(സി) നിരക്ക് മാനദണ്ഡങ്ങൾക്ക് അന്തിമരൂപം നൽകുന്നതിന് മുൻപ് പൊതുജനാഭിപ്രായം അറിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ കരട് താരിഫ് നിർണ്ണയ ചട്ടങ്ങളിന്മേൽ ഉപഭോക്താക്കൾക്കും പൊതുജനങ്ങൾക്കും തങ്ങളുടെ അഭിപ്രായം രേഖാമൂലം അറിയിക്കുന്നതിന് ഒരു മാസത്തെ സമയം അനുവദിച്ചിരുന്നു.

ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിച്ചതിന്റെ ചെലവ്

243 (628) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 കാലത്ത് മാനന്തവാടി നിയോജകമണ്ഡലത്തിൽ റോഡ് വികസനത്തിന്റെ ഭാഗമായി ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിച്ചതിലേയ്ക്കായി പൊതുമരാമത്ത് വകുപ്പിൽനിന്നും എത്ര രൂപ ലഭ്യമായിട്ടുണ്ട്?

1,11,26,722 (ഒരു കോടി പതിനൊന്നുലക്ഷത്തി ഇരുപത്തിയാറായിരത്തി എഴുന്നൂറ്റി ഇരുപത്തിരണ്ട്) രൂപ ലഭ്യമായിട്ടുണ്ട്.

(ബി) ഇതിലുൾപ്പെട്ട ഓരോ റോഡിന്റെ പേരും എത്ര ഇലക്ട്രിക് പോസ്റ്റുകളാണ് മാറ്റി സ്ഥാപിച്ചതെന്നും ഓരോ റോഡിനും ഈടാക്കിയ തുകയും വിശദമാക്കാമോ?

ഇതു സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

വൈദ്യുതിക്ഷാമം ഒഴിവാക്കാൻ പദ്ധതികൾ

244 (629) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിക്ഷാമം ഇല്ലെന്ന് ഉറപ്പ് വരുത്തുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

വൈദ്യുതിക്ഷാമം ഇല്ലെന്ന് ഉറപ്പുവരുത്തുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

വിവിധ കാരണങ്ങളാൽ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിക്കിടന്ന ജലവൈദ്യുത പദ്ധതികളായിരുന്ന ചാത്തൻകോട്ടുനട സ്റ്റേജ് II (3x2 MW), പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം (2x30 MW), തോട്ടിയാർ (1x30 MW+1x10 MW) ജലവൈദ്യുത പദ്ധതികൾ.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.